# 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ്

## 2005-ലെ 6-ാം ആക്റ്റ്

### ഉള്ളടക്കം

പീഠിക

വകുപ്പുകൾ

1. ചുരുക്കപ്പേരും പ്രാരംഭവും
2. 6-ാം വകുപ്പിനുള്ള ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

GCPT. 34/3655/07/DTP

## 2005-ലെ 6-ാം ആക്റ്റ്

# 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ്*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ആറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (1)-ാം ഉപവകുപ്പുപ്രകാരമോ (2)-ാം ഉപവകുപ്പുപ്രകാരമോ വിജ്ഞാപനം ചെയ്യുന്ന കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം,—

(എ) ഒരു ടൗൺ പഞ്ചായത്തിന്റെയോ ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ സംഗതിയിൽ,—

(i) ഇരുപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് ഇരുപത്തിരണ്ടും ;

(ii) ഇരുപതിനായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് പരമാവധി അൻപത് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപത്തിരണ്ടും, ഇരുപതിനായിരത്തിൽ കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യക്കും ഓരോന്നുവീതവും ;

(ബി) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ,—

(i) നാലുലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് അൻപത്തിരണ്ടും ;

(ii) നാലുലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് പരമാവധി നൂറ് കൗൺസിലർമാർ എന്നതിനു വിധേയമായി ആദ്യത്തെ നാലുലക്ഷം ജനസംഖ്യക്ക് അൻപത്തിരണ്ടും, നാലു ലക്ഷത്തിൽ കവിയുന്ന ഓരോ പതിനായിരം ജനസംഖ്യക്കും ഓരോന്നു വീതവും ;

ആയിരിക്കേണ്ടതാണ്."

---

* Received the assent of the Governor on the 8th day of March, 2005 and published in the Kerala Gazette Extraordinary No. 528 on the 9th day of March, 2005

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the "2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 6 OF 2005

## THE KERALA MUNICIPALITY (SECOND AMENDMENT) ACT, 2005

*An Act further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Municipality Act, 1994 for the purposes herein after appearing;

BE it enacted in the Fifty-sixth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Municipality (Second Amendment) Act, 2005.

(2) It shall come into force at once.

2. *Amendment of section 6.*—In the Kerala Municipality Act, 1994 (20 of 1994), in section 6, for sub-section (3), the following sub-section shall be substituted, namely:—

"(3) The number of seats of Councilors notified under sub-section (1) or sub-section (2) shall be,—

(a) in the case of a Town Panchayat or a Municipal Council,—

(i) twenty-two, where the population in the area of the Town Panchayat or Municipal Council does not exceed twenty thousand; and

(ii) where the population of the Town Panchayat or Municipal Council exceeds twenty thousand, twenty-two Councilors for the population of first twenty thousand, and one each for every two thousand and five hundred of the population exceeding twenty thousand, subject to a maximum of fifty Councilors;

(b) in the case of a Municipal Corporation,—

(i) fifty-two, where the population in the area of the Municipal Corporation does not exceed four lakhs; and

(ii) where the population exceeds four lakhs, fifty-two Councilors for the population of first four lakhs, and one each for every ten thousand exceeding four lakhs, subject to a maximum of one hundred Councilors.".

LIBRARY ARCHIVES Kerala Legislative Assembly